പുതിയ തൊഴിലവസരങ്ങൾ

22 [22] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ എത്രപേർക്ക് പി.എസ്.സി. വഴി ജോലി നൽകിയെന്ന് വെളിപ്പെടുത്താമോ;

(ബി) വളരെയധികം ഒഴിവുകൾ ഉണ്ടായിട്ടും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താരതമ്യേന വളരെ കുടുതൽ പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയ ഈ സർക്കാർ പുതിയ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല. കാലാകാലങ്ങളിൽ ഉണ്ടാകുന്ന പി.എസ്.സി. വഴി നിയമനം നടത്തേണ്ടതായിട്ടുള്ള ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുതലവൻമാർ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനിതാ പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി

23 [23] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ലിസ്റ്റിലുള്ളവർക്ക് നിലവിൽ എത്രമാസം കാലാവധി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നിരവധി ലിസ്റ്റുകൾക്കും നാലരവർഷംവരെ കാലാവധി ദീർഘിപ്പിച്ച് കിട്ടിയിട്ടും വനിതാ പോലീസ് കോൺസ്റ്റബിളിന്റെ റാങ്ക് ലിസ്റ്റ് ദീർഘിപ്പിക്കാതെ ക്യാൻസൽ ചെയ്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly